പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 444 07.01.2014 -ൽ മറുപടിക്ക്

## ആലപ്പുഴയിലേക്കുള്ള ബസ് സർവ്വീസുകൾ

ചോദ്യം

ശ്രീ. തോമസ് ചാണ്ടി :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | എടത്വാ ഡിപ്പോയിൽ നിന്ന് കണ്ടംകരി –ചമ്പക്കുളം വഴി ആലപ്പുഴയ്ക്ക് ബസ് സർവ്വീസ് ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) | ചമ്പക്കുളം വരെ പോകുന്ന ട്രിപ്പുകൾ ഉള്ള സർവ്വീസുകളൊന്നും തന്നെ എടത്വ ഡിപ്പോയിൽ നിലവിലില്ല. എടത്വ ഡിപ്പോയിലെ നിലവിലുള്ള ഷെഡ്യൂളുകളൊന്നും തന്നെ കണ്ടംകരി-ചമ്പക്കുളം വഴി ആലപ്പുഴക്ക് പുനക്രമീകരിക്കുവാൻ കഴിയുന്നവയല്ല. ആയതിനാൽ എടത്വ ഡിപ്പോയിൽ നിന്നും കണ്ടംകരി - ചമ്പക്കുളം വഴി ആലപ്പുഴക്ക് പുതിയ സർവ്വീസ് ആരംഭിക്കുക മാത്രമെ മാർഗ്ഗമുള്ളു. ആലപ്പുഴ നിന്നും ടി റൂട്ടിലൂടെ ഒരു സർവ്വീസ് ആരംഭിക്കുന്നതിന്റെ സാദ്ധ്യതാ പഠനം നടത്തിയിട്ടുണ്ട്. എന്നാൽ ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് അനുഭവപ്പെടുന്നതിനാൽ തുടർനടപടികൾ കൈക്കൊണ്ടിട്ടില്ല. |
| (ബി) | ചങ്ങനാശ്ശേരി ഡിപ്പോയിൽ നിന്ന് നെടുമുടി – പൂപ്പള്ളി - ചേന്നങ്കരി – കൈനകരിവഴി ആലപ്പുഴയ്ക്ക് ബസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (ബി) | ആലപ്പുഴ ഡിപ്പോയിൽ നിന്നും നെടുമുടി - പൂപ്പള്ളി- ചേന്നങ്കരി - കൈനകരി വഴി ഒരു സർവ്വീസ് ഇപ്പോൾ നടത്തി വരുന്നുണ്ട്. മൂന്ന് ട്രിപ്പുകളിലായി 270 കി.മീ ടി റൂട്ടിലൂടെ സർവ്വീസ് നടത്തുമ്പോൾ ശരാശരി 7000/- രൂപ വരെയാണ് ബസ് പ്രതി വരുമാനം ഇപ്പോൾ ലഭിച്ചുവരുന്നത്. ആയതിനാൽ പ്രസ്തുത റൂട്ടിലൂടെ ഒരു സർവ്വീസ് കൂടി ആരംഭിക്കുന്നത് ലാഭകരമായിരിക്കില്ലായെന്നതിനാൽ തുടർനടപടികളൊന്നും തന്നെ കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ